കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

भारतीय मानक ब्यूरो IS 15700
BUREAU OF INDIAN STANDARDS SQMS
An IS 15700 : 2018 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**
**ഹാജർ വിനോദ്.ജി**

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം- വിജിലൻ സ് & ആന്റികറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റിൽ നടത്തിയ ട്രാപ്പ് കേസ്-ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.മഞ്ജിമ.പി.രാജു-വിനെ വേല വിലക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

1. 19.06.2023-ലെ 79/ഇ3/2023/വിജി നമ്പർ സർക്കുലർ.
2. വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ കണ്ണൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 24.12.2025-ലെ വി.സി.7/25/കെ.എൻ.ആർ നമ്പർ കത്ത്.

<u>**ഉത്തരവ് നമ്പർ:സിഇഐ/4407/2025-ഇ2, തീയതി: 26-12-2025**</u>

തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.മഞ്ജിമ.പി.രാജു ബി ക്ലാസ്സ് ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസിനായി 10.12.2025 തീയതിയിൽ ഓൺലൈനായി സമർപ്പിച്ച അപേക്ഷയിന്മേൽ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് അപേക്ഷകൻ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റിൽ ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ വി.സി.07/2025/കെ.എൻ.ആർ U/s 7(b) of PC (Amendment) Act-2018 പ്രകാരം കേസ് രജിസ്റ്റർ ചെയ്തതായും തുടർന്ന് 24.12.2025-ൽ അറേഞ്ച് ചെയ്ത് ട്രാപ്പിൽ പരാതിക്കാരന്റെ കയ്യിൽ നിന്നും കൈക്കൂലി ആവശ്യപ്പെട്ട് ആയത് തലശ്ശേരി റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമിൽ വെച്ച് കൈപ്പറ്റിയ ജൂനിയർ സൂപ്രണ്ട് ശ്രീമതി.മഞ്ജിമ.പി.രാജു-വിന്റെ പക്കൽ നിന്നും 6000/-രൂപ ബന്തവസ്സിൽ എടുത്തതായും ടിയാളെ 24.12.2025-ന് രാവിലെ 7.15-ന് അറസ്റ്റ് ചെയ്തിട്ടുള്ളതും നടപടിക്രമങ്ങൾക്ക് ശേഷം ബഹു.തലശ്ശേരി എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്(വിജിലൻസ്) കോടതി, കണ്ണൂർ മുമ്പാകെ ഹാജരാക്കുന്നതാണെന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പരാമർശം ( 2 ) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. മേൽ വസ്തുതകൾ പരിഗണിച്ച് വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.മഞ്ജിമ.പി.രാജു (പെൻ:105291)-വിനെ 1960-ലെ കേരള സിവിൽ സർവീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1)(b),ചട്ടം 10(3) എന്നിവ പ്രകാരം അച്ചടക്ക നടപടിയ്ക്ക് വിധേയമായി 24.12.2025 പ്രാബല്യത്തിൽ വേലവിലക്കി ഇതിനാൽ ഉത്തരവാകുന്നു.

3 . വേലവിലക്കിയ ഉദ്യോഗസ്ഥയ്ക്ക് നിലവിലെ ചട്ട പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

Signed by
Vinod G
Date: 26-12-2025 10:56:52

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ശ്രീമതി.മഞ്ജിമ.പി.രാജു, ജൂനിയർ സൂപ്രണ്ട്.

പകർപ്പ്:

അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ(എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കണ്ണൂർ
സെക്രട്ടറി, കെ.എസ്.ഇ.എൽ.ബി
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്, കെ.എസ്.ഇ.എൽ.ബി/ഭരണം
ഇ6 സെക്ഷൻ
അക്കൗണ്ട്സ് സെക്ഷൻ
ഐ ടി വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
കരുതൽ/അധികം